## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1062 — 08.01.2014 ലെ മറുപടിയ്ക്ക്

### ബേക്കൽ കൾച്ചർ സെന്റർ നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി |
|---|---|
| എ) ബി.ആർ.ഡി.സി.യുടെ ഭാഗമായ ബേക്കൽ കൾച്ചറൽ സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ; ഇതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | എ) കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിനായി ബി.ആർ.ഡി.സി.ക്ക് 4,43,75,227 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2 കോടി രൂപ ഇതിനകം ബി.ആർ.ഡി.സി.ക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) പ്രസ്തുത പ്രവൃത്തി ഏതെങ്കിലും ഏജൻസിയെ ഏല്പിച്ചിട്ടുണ്ടോ : വിശദാംശങ്ങൾ അറിയിക്കാമോ : | ബി) പ്രസ്തുത പ്രവൃത്തിക്ക് ഡിസൈൻ കൺസൾട്ടന്റായി 'സി എർത്ത്' എന്ന കമ്പനിയെയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി 'ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്' എന്ന കമ്പനിയെയും നിയമിച്ചിട്ടുണ്ട്. |
| സി) ബി.ആർ.ഡി.സി.യുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ബി.ആർ.ഡി.സി. തന്നെ ഏറ്റെടുത്ത് നടപ്പിലാക്കിയ സാഹചര്യത്തിൽ മേൽ പ്രവൃത്തി മറ്റൊരു ഏജൻസിയെ ഏൽപ്പിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ? | സി) ബി.ആർ.ഡി.സി. നേരത്തെയും കൺസൾട്ടന്റിനെ നിയമിച്ച് പ്രവൃത്തികൾ ചെയ്തിരുന്നു. ഇപ്പോഴും ആവശ്യത്തിനനുസരിച്ച് കൺസൾട്ടന്റ്മാരെ നിയമിച്ച് പ്രവൃത്തികൾ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ